പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T4651

27.06.2014 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## വിദ്യാഭ്യാസ വായ്പ പലിശ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പാ പലിശ എഴുതി തള്ളുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. 2004-2009 കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത, തൊഴിൽ രഹിതരായ, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം ഇതുവരെ അനുവദിച്ച തുക അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ഏതെല്ലാം വർഷങ്ങളിൽ എടുത്ത വായ്പകൾക്കാണ് ആനുകൂല്യം പ്രഖ്യാപിച്ചിട്ടുള്ളത്; | (ബി) 01.04.2004 - 31.03.2009 കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ വായ്പകൾക്കാണ് സംസ്ഥാന സർക്കാർ ആനുകൂല്യം പ്രഖ്യാപിച്ചിട്ടുള്ളത്. |

(2)

(സി) ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചിരുന്നു.

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 18.10.2012 മുതൽ 31.05.2013 വരെ അപേക്ഷ നൽകാൻ അവസരം നൽകിയിരുന്നു. എന്നാൽ, നിശ്ചിത ഫാറത്തിൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തവർക്ക് പകരം സംവിധാനം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കാനുള്ള സമയം 28.02.2014 വരെ വീണ്ടും ദീർഘിപ്പിച്ചു നൽകി.

3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് 03.08.2013 മുതൽ 28.02.2014 വരെയാണ് അപേക്ഷ നൽകാൻ അവസരം നൽകിയിരുന്നത്.

(ഡി) എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കാമോ; ഇത് നൽകാനായി എത്ര തുക വേണ്ടിവരും; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ലഭിച്ച അപേക്ഷകളുടെ വിശദാംശം അനുബന്ധം 2 -ൽ നൽകിയിരിക്കുന്നു.

അപേക്ഷകൾ സ്വീകരിച്ച് പരിശോധിച്ച് ഓരോ ജില്ലയ്ക്കും വേണ്ടുന്ന ആകെ തുക അനുവദിക്കാനായി നിർദ്ദേശം സമർപ്പിക്കുന്നത് ജില്ലാ കളക്ടർമാരാണ്. എല്ലാ ജില്ലാ കളക്ടർമാരിൽനിന്നും പൂർണ്ണമായി നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമേ ആകെ എത്ര രൂപ വേണ്ടിവരുമെന്ന് പറയുവാൻ സാധിക്കൂ.

| | | | |
|---|---|---|---|
| (ഇ) | ഇതിനായി ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ? | (ഇ) | കണക്കുകൾ അനുബന്ധം - 1 ൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| ജില്ല | പലിശയിളവ് അനുവദിച്ച അപേക്ഷകരുടെ എണ്ണം | ബി.പി.എൽ. പലിശ സബ്സിഡി അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | നിർദ്ദേശം ലഭിച്ചിട്ടില്ല | |
| കൊല്ലം | ഫണ്ട് അനുവദിക്കാൻ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. | |
| പത്തനംതിട്ട | 360 | 2,29,33,000/- |
| ആലപ്പുഴ | 504 | 3,12,60,000/- |
| കോട്ടയം | 2527 | 12,08,37,000/- |
| ഇടുക്കി | 1192 | 6,27,60,000/- |
| എറണാകുളം | 649 | 4,14,45,000/- |
| തൃശ്ശൂർ | 470 | 3,21,17,000/- |
| പാലക്കാട് | 148 | 73,53,000/- |
| മലപ്പുറം | കൃത്യമായ നിർദ്ദേശം ലഭിച്ചിട്ടില്ല. | |
| കോഴിക്കോട് | 503 | 2,07,43,000/- |
| വയനാട് | 8 | 2,60,000/- |
| കണ്ണൂർ | 362 | 1,83,03,000/- |
| കാസർഗോഡ് | 118 | 63,64,000/- |
| **ആകെ** | **6481** | **36,43,75,000/-** |

# അനുബന്ധം - 2

| ജില്ല | ആകെ ലഭിച്ച അപേക്ഷകൾ ( ബി.പി.എൽ/ 3 ലക്ഷം രൂപവരെ വാർഷികവരുമാനമുള്ള വരിൽനിന്നും ലഭിച്ചത്) |
|---|---|
| തിരുവനന്തപുരം | 6150 |
| കൊല്ലം | 6305 |
| ആലപ്പുഴ | 9162 |
| പത്തനംതിട്ട | 5070 |
| കോട്ടയം | 12570 |
| ഇടുക്കി | 5844 |
| പാലക്കാട് | 2967 |
| വയനാട് | 4500 |
| എറണാകുളം | 5453 |
| തൃശ്ശൂർ | 3410 |
| മലപ്പുറം | 1956 |
| കോഴിക്കോട് | 4796 |
| കണ്ണൂർ | 2512 |
| കാസറഗോഡ് | 1121 |

* 3 ലക്ഷം രൂപവരെ വാർഷികവരുമാനമുള്ളവർക്കായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതി സമാനമായ മറ്റൊരു പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനാൽ പിൻവലിച്ചു.